(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ബോർഡിന്റെ റെഗുലേഷൻ നോട്ടിഫിക്കേഷൻ നമ്പർ പി. എസ്.1/3146/85 തീയതി 29-4-85 പ്രകാരമാണ് നിലവിൽ വന്നത്. ബോർഡിന്റെ ജോലികൾ പ്രധാനമായും അപകടസാധ്യത കൂടിയവയായതിനാലാണ് ഈ വ്യവസ്ഥ നിലവിൽവന്നത്.

(ഇ) രണ്ടു സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ഇതിൻമേൽ ബോർഡിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരുന്നു.

161 (2539) വൈദ്യുതി വിതരണ രംഗത്ത് ജോലി ചെയ്തുവരുന്ന കോൺട്രാക്ട് ലൈൻ വർക്കേഴ്സ്

ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്.സുപാൽ :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫസർ മീനാക്ഷി തമ്പാൻ :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ രംഗത്ത് ജോലി ചെയ്തു വരുന്ന കോൺട്രാക്ട് ലൈൻ വർക്കേഴ്സ് എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ജോലി ചെയ്യവേ അപകടങ്ങളിൽപ്പെടുന്ന ഇത്തരം ജോലിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഇവരെ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 4839 പേർ

(ബി) കോൺട്രാക്ട് എഗ്രിമെന്റ് പ്രകാരമുള്ള തുക ബോർഡ് കോൺട്രാക്ടർക്ക് നൽകുന്നു. കോൺട്രാക്ടർമാരുടെ കീഴിലുള്ള ജോലിക്കാർ ആയതിനാൽ മറ്റ് കാര്യങ്ങൾക്ക് ബോർഡിന് ബാദ്ധ്യതയില്ല.

(സി) വർക്കുമെൻസ് കോമ്പൻസേറ്ററി ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾ നൽകിവരുന്നു. ഇവർക്ക് ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്ന കാര്യം ബോർഡ് പരിശോധിച്ചു വരുന്നു.

(ഡി) കരാർ തൊഴിലാളികളെ ബോർഡ് സർവ്വീസിൽ സ്ഥിരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നില്ല.

162 (2540) സഹകരണരംഗത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ. ബാബു :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി റോസമ്മ ചാക്കോ :

ശ്രീ. പാലോട് രവി :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണരംഗത്ത് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കാൻ അനുമതി നൽകണമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചതിനുശേഷം ഏതെല്ലാം സഹകരണസ്ഥാപനങ്ങൾ സ്വാശ്രയ കോഴ്സ് ആരംഭിക്കുവാൻ അപേക്ഷ നൽകിയിട്ടുണ്ട്;

(ബി) ഓരോ സ്ഥാപനവും എന്തെല്ലാം കോഴ്സുകൾ ആരംഭിക്കുവാനാണ് മുന്നോട്ടു വന്നിട്ടുള്ളത്;

(സി) ഈ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനുള്ള പരിചയം എന്തെല്ലാമാണ്;

(ഡി) ഇത്തരം സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തിക്കൊണ്ടു പോകുവാനുള്ള സാമ്പത്തിക ഭദ്രത ഈ സഹകരണസ്ഥാപനങ്ങൾക്ക് ഉണ്ടെന്ന് കരുതുന്നുണ്ടോ?

ഉത്തരം

(എ) മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾ സഹകരണ മേഖലയിൽ തുടങ്ങുന്നതിനായി "കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ" എന്ന സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ അനുമതി നൽകുകയും അപ്രകാരമുള്ള ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ വർഷം വടകരയിൽ ഒരു എഞ്ചിനീയറിംഗ് കോളേജ് സ്ഥാപിക്കുന്നതിനുള്ള അപേക്ഷയും അടുത്ത വിദ്യാഭ്യാസവർഷം (എറണാകുളത്ത്) ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക അപേക്ഷയും ടി സൊസൈറ്റി സമർപ്പിച്ചിട്ടുണ്ട്.

(ബി) വടകരയിൽ ആരംഭിക്കുന്ന എഞ്ചിനീയറിംഗ് കോളേജിൽ താഴെ പറയുന്ന നാല് എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സുകൾ ആണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഇൻഫർമേഷൻ ടെക്നോളജി
2. കമ്പ്യൂട്ടർ സയൻസ് ആന്റ് എൻജിനീയറിംഗ്
3. ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ്
4. ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ

എറണാകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സ് ആയിരിക്കും ആരംഭിക്കുക.

(സി) അക്കാദമിയുടെ ഭരണസമിതിയിൽ പ്രൊഫഷണൽ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മുതലായവർ അംഗങ്ങളായിട്ടുണ്ട്. കൂടാതെ അക്കാദമിയുടെ ഡയറക്ടർ, എൻജിനീയറിംഗ് കോളേജിന്റെ പ്രിൻസിപ്പൽ, മെഡിക്കൽ കോളേജിന്റെ സ്പെഷ്യൽ ഓഫീസർ മുതലായ സ്ഥാനങ്ങളിലൊക്കെ അതാത് രംഗങ്ങളിൽ സുദീർഘപരിചയവും, പ്രാവീണ്യവും ഉള്ളവരെയാണ് നിയോഗിച്ചിട്ടുള്ളത്.

(ഡി) വേണ്ടത്ര സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തിയശേഷമാണ് ഓരോ സ്ഥാപനങ്ങളും സ്ഥാപിക്കുന്നത്.

330/2010.

LIBRARY ARCHIVES Kerala Legislative Assembly